**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 57** **10-02-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേമപെൻഷൻ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര മാസത്തെ സാമൂഹ്യ ക്ഷേമപെൻഷൻ കുടിശിക വിതരണം ചെയ്യാനുണ്ട്; വിശദമാക്കുമോ; | (എ) | **2024-25 ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 2024 ഏപ്രിൽ മാസം മുതൽ മുടക്കം കൂടാതെ എല്ലാ മാസങ്ങളിലും സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തി വരുന്നു. "പണഞെരുക്കം കാരണമുണ്ടായ സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക, ഗുണഭോക്താക്കൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ രണ്ടു ഗഡുക്കളും 2025 -26 -ൽ മൂന്നു ഗഡുക്കളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു" എന്ന് പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ ബഹു. മുഖ്യമന്ത്രി ചട്ടം 300 പ്രകാരം പ്രസ്താവിച്ചിരുന്നു. ആയത് പ്രകാരം ഓണത്തോടനുബന്ധിച്ച് 2024 സെപ്റ്റംബർ മാസത്തിലും , 2025 ജനുവരി മാസത്തിലും ഒരു മാസത്തെ സാമൂഹ്യ സുരക്ഷ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചതിനോടൊപ്പം ഓരോ ഗഡു കുടിശ്ശികയും അനുവദിച്ച് വിതരണം നടത്തിയിട്ടുള്ളതാണ്. നിലവിൽ മൂന്നു മാസത്തെ പെൻഷനാണ് കുടിശ്ശികയായി അനുവദിക്കുവാനുള്ളത്. ബഹു. മുഖ്യമന്ത്രിയുടെ ചട്ടം 300 പ്രകാരമുള്ള പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ടി കുടിശ്ശിക അടുത്ത സാമ്പത്തിക വർഷത്തിൽ തന്നെ അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.** |
| (ബി) | ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ വിഹിതം ലഭിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ അനുപാതം, ലഭിച്ച തുക എന്നിവ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് നിലവിലുള്ള അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ, ഇന്ദിരാഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശിയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശിയ വിധവാ പെൻഷൻ എന്നീ പെൻഷനുകൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. എൻ.എസ്.എ.പി. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള കേന്ദ്ര വിഹിതം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്രവിഹിതമായി 131.23 കോടി രൂപ ലഭ്യമായിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ 158,70,16,472/- രൂപയും 2024-25 സാമ്പത്തിക വർഷത്തിലെ (1st quarter) 10,51,53,627/- രൂപയും ഉൾപ്പെടെ ആകെ 169,21,70,099/- രൂപ കേന്ദ്രസർക്കാരിൽ നിന്ന് കുടിശിക ഇനത്തിൽ ലഭിക്കുവാനുണ്ട്.<br><br>അനുബന്ധം |

| **പെൻഷൻ ഇനം** | **പെൻഷൻ ഉപ വിഭാഗം** | **പ്രതിമാസ സംസ്ഥാന വിഹിതം** | **പ്രതിമാസ കേന്ദ്ര വിഹിതം** |
|---|---|---|---|

| | | | |
|---|---|---|---|
| | | (രൂപ) | (രൂപ) |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 60 മുതൽ 79 വയസ്സ് വരെ | 1400 | 200 |
| | പ്രായം 80 വയസ്സും അതിനു മുകളിലും | 1100 | 500 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സ് മുതൽ ) | 1300 | 300 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 40 വയസ്സും അതിനു മുകളിലും | 1300 | 300 |
| കർഷക തൊഴിലാളി പെൻഷൻ | | 1600 | 0 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിത പെൻഷൻ | | 1600 | 0 |

| | | | |
|---|---|---|---|
| (സി) | പ്രതിമാസം ശരാശരി എത്ര കോടി രൂപയാണ് ക്ഷേമപെൻഷൻ വിതരണത്തിനായി സംസ്ഥാനം ചെലവഴിക്കുന്നത്; പ്രസ്തുത തുക ഏത് രീതിയിൽ സമാഹരിക്കാനാണ് നിലവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) | തദ്ദേശ സ്വയംഭരണ സർക്കാർ വഴി നടപ്പിലാക്കിയിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ എന്നിവയുടെ വിതരണത്തിനായി പ്രതിമാസം ശരാശരി 900 കോടിയോളം രൂപ ചെലവഴിക്കുന്നു. ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ച് വരികയാണ്. ഈ കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്-ന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്.<br><br>സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്ന സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | പ്രധാന കർത്തവ്യം നിർവ്വഹിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യസുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണവും സർക്കാർ നടത്തി വരുന്നു. |
| (ഡി) | കുടിശിക ഉൾപ്പെടെയുള്ള പെൻഷൻ തുക എപ്പോൾ വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (ഡി) | **2024-25 ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 2024 ഏപ്രിൽ മാസം മുതൽ മുടക്കം കൂടാതെ എല്ലാ മാസങ്ങളിലും സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തി വരുന്നു. നിലവിൽ മൂന്നു മാസത്തെ ക്ഷേമപെൻഷനാണ് കുടിശ്ശികയായുള്ളത്. ടി കുടിശ്ശിക 2025-26 സാമ്പത്തിക വർഷത്തിൽ തന്നെ അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ